# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3692** — **14/03/2017-ൽ മറുപടിക്ക്**

### ജലജന്യരോഗങ്ങളും പകർച്ചവ്യാധികളും തടയാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.പാറക്കൽ അബ്ദുല്ല** | **ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പമന്ത്രി) |
| **എ)** വേനൽച്ചൂട് കൂടുന്നത് നിരവധി ജലജന്യരോഗങ്ങൾക്കും ഡങ്കിപ്പനി ഉൾപ്പെടെയുള്ള പകർച്ചവ്യാധികൾക്കും ഇടയാക്കുമെന്ന് കരുതുന്നുണ്ടോ; | **എ)** ഉണ്ട് |
| **ബി)** എങ്കിൽ സംസ്ഥാനത്ത് എത്ര പേർക്ക് വിവിധതരം പനികൾ ഇപ്പോൾ ബാധിച്ചിട്ടുണ്ട്; വിശദാംശങ്ങൾ നൽകുമോ; | **ബി )** വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു |
| **സി)** മാലിന്യം കലർന്ന വെള്ളം കുടിക്കുന്നത് വഴി മഞ്ഞപ്പിത്തം, കോളറ തുടങ്ങിയവ പടരുന്നതിനുള്ള സാധ്യത പരിശോധിച്ചിട്ടുണ്ടോ; | **സി)** ഉണ്ട് |
| **ഡി)** എങ്കിൽ, പ്രതിരോധ പ്രവർത്തനത്തിന്റെ ഭാഗമായി ആരോഗ്യവകുപ്പ് ഇതിനകം കൈക്കൊണ്ട നടപടികൾ എന്തെല്ലാം; വിശദാംശം നൽകുമോ? | **ഡി)** 2017 ആരംഭത്തിൽതന്നെ സംസ്ഥാന ജില്ലാ തലങ്ങൾ മുതൽ വാർഡ് തലം വരെ അവലോകന യോഗങ്ങളും പ്രതിരോധ പ്രവർത്തനങ്ങളും നടത്തിവരുന്നു. ഇതു സംബന്ധിച്ച് ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിലും ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിലും അവലോകന യോഗങ്ങൾ നടത്തുകയുണ്ടായി. ജലദൗർലഭ്യം ഉണ്ടാകാൻ സാധ്യതയുള്ള പ്രദേശങ്ങൾക്ക് മുൻഗണന നൽകി മാപ്പ് ചെയ്ത് ശുദ്ധജലം വിതരണം നടത്തുവാൻ നിർദ്ദേശം നൽകി. ജലനിധി പോലുള്ള ജല പദ്ധതികൾ വഴി വിതരണം ചെയ്യുന്ന കുടിവെള്ളത്തിൽ സമയബന്ധിതമായി ക്ലോറിനേഷൻ നടത്താൻ നിർദ്ദേശം നൽകുകയും ജല സ്രോതസ്സുകളിൽ മാലിന്യം കലരാതിരിക്കാൻ റവന്യൂ ജല അതോറിറ്റികൾക്ക് നിർദ്ദേശം നൽകുകയും, ജല ദൗർലഭ്യം ഉള്ള പ്രദേശങ്ങളിൽ ശേഖരിച്ചു വച്ചിരിക്കുന്ന |

➡

വെള്ളത്തിൽ കൊതുക് വളരാതിരിക്കാൻ ആവശ്യമായ ബോധവൽക്കരണ പ്രവർത്തനങ്ങൾ ചെയ്യാൻ ബന്ധപ്പെട്ട വകുപ്പുകൾക്ക് നിർദ്ദേശം നൽകി.

ആരോഗ്യ വകുപ്പിൽ ജില്ലാ സംസ്ഥാന തലങ്ങളിൽ ആക്ഷൻ പ്ലാനുകൾ തയ്യാറാക്കുകയും പ്രതിരോധ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തു. സർക്കാർ/സ്വകാര്യ ഡോക്ടർമാർ ഉൾപ്പെടെയുള്ള ജീവനക്കാർക്ക് ചികിത്സാ മാർഗ്ഗരേഖകളെപ്പറ്റി പരിശീലനം നൽകിയിരുന്നു. പകർച്ചവ്യാധി നിയന്ത്രണത്തിന് ആവശ്യമായ മരുന്നുകളുടെ ലഭ്യത ഉറപ്പുവരുത്തി. ശുചീകരണം, ക്ലോറിനേഷൻ, കൊതുക് ഉറവിട നശീകരണം തുടങ്ങിയവ ശുചിത്വ മിഷന്റെയും ആരോഗ്യവകുപ്പിന്റെയും ആഭിമുഖ്യത്തിൽ നടത്തിവരുന്നു. ജല ശുദ്ധീകരണ ക്യാമ്പയിൻ, ഹെൽത്തി കേരള ക്യാമ്പയിൻ തുടങ്ങിയവയും നടത്തി വരുന്നു. ചികിത്സാ മാർഗ്ഗരേഖകൾ, ബിറ്റ് നോട്ടീസുകൾ, മൊഡ്യൂളുകൾ, പോസ്റ്ററുകൾ മുതലായ ബോധവൽക്കരണ ഉപാധികൾ സംസ്ഥാനതലത്തിൽ തയ്യാറാക്കി വരികയാണ്. ഇവ ജില്ലകൾക്ക് യഥാസമയം എത്തിക്കുവാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**

തിരുവനന്തപുരം.

# District Wise Fever Cases -2017(Jan-Mar 8)

| District | Only Fever | | Chikungunya | | Dengue | | Lepto | | Malaria | | Typhoid | | H1N1 | | Scrub Typhus | | Kala Azar | | HFMD | | KFD | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | OP | D | C | D | C | D | C | D | C | D | C | D | C | D | C | D | C | D | C | D | C | D |
| TVM | 44348 | - | 15 | - | 480 | - | 68 | - | 7 | | 5 | - | 2 | 1 | 24 | | - | - | 1 | - | | - |
| KLM | 28132 | - | - | - | 104 | | 10 | 1 | 5 | - | 19 | - | - | - | 1 | | - | - | - | - | - | - |
| PTA | 10955 | - | - | - | 10 | - | 2 | - | 1 | - | 1 | - | 1 | - | 1 | - | - | - | 5 | - | - | - |
| IDK | 13008 | - | - | - | 1 | - | 1 | - | - | - | 1 | - | 1 | - | - | - | - | - | - | - | - | - |
| KTM | 10462 | 1 | - | - | 14 | - | 6 | - | 3 | | | - | 5 | - | | | - | - | 1 | - | - | - |
| ALP | 17973 | - | | | 27 | | 59 | - | - | - | - | - | | | | | - | - | - | - | - | - |
| EKM | 26489 | - | | | 27 | | 10 | - | 11 | - | 6 | - | 17 | - | | | - | - | - | - | - | - |
| TSR | 34830 | 1 | | | 38 | | 4 | - | 7 | | | | 7 | | | | - | - | - | - | - | - |
| PKD | 37314 | 1 | - | - | 52 | - | 4 | 1 | 6 | - | 63 | - | 17 | 3 | | | - | - | - | - | - | - |
| MLP | 73537 | 3 | - | - | 22 | | 2 | - | 8 | - | 6 | - | 4 | - | | | - | - | - | - | - | - |
| KKD | 38784 | - | - | - | 20 | 1 | 38 | - | 17 | - | 24 | - | 5 | - | 4 | | - | - | 26 | - | - | - |
| WYD | 28725 | - | - | - | 18 | - | 12 | - | 2 | - | - | - | 18 | - | 7 | - | - | - | - | - | - | - |
| KNR | 37421 | - | - | - | 12 | | 3 | - | 8 | - | 6 | - | 3 | - | | | - | - | - | - | - | - |
| KSD | 15205 | - | - | - | 2 | | 2 | 1 | 8 | | | - | 3 | 1 | | - | - | - | 1 | - | - | - |
| Kerala | 417183 | 6 | 15 | - | 827 | 1 | 221 | 3 | 83 | - | 131 | - | 83 | 5 | 37 | - | - | - | 34 | - | - | - |

2017 data is provisional

സെക്ഷൻ ഓഫീസർ